ക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് പണിയും ആരംഭിക്കുന്നതാണ്.

(സി)&(ഡി) പദ്ധതി ചെലവ് ആകെ 61.50 ലക്ഷം രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ കേന്ദ്ര വിഹിതം 35 ലക്ഷം രൂപയാണ്. ആദ്യഗഡുവായി 10.50 ലക്ഷം രൂപ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്.

(ഇ) 1998 ലെ നെഹ്റുട്രോഫി വള്ളംകളിയുടെ നടത്തിപ്പിലേക്കായി 46 ലക്ഷം രൂപ ചെലവായി എന്നും സാമ്പത്തിക ഞെരുക്കംമൂലം പ്രസ്തുത ജലോൽസവത്തിന്റെ നടത്തിപ്പിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നും സൊസൈറ്റി അറിയിച്ചിട്ടുണ്ട്.

(എഫ്)രണ്ടുലക്ഷം രൂപയുടെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. ഈ തുക നെഹ്റുട്രോഫി ബോട്ട്റേസ് സൊസൈറ്റിക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. ഈ വർഷത്തെ നെഹ്റുട്രോഫി വള്ളംകളിക്ക് 2 ലക്ഷം രൂപ അനുവദിക്കുവാൻ ടൂറിസംവകുപ്പ് ഉദ്ദേശിക്കുന്നു.

135 (1495) കായംകുളത്ത് ജലയോരവിശ്രമകേന്ദ്രം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് കായംകുളത്ത് നിർമ്മിക്കുന്ന ജലയോര വിശ്രമ കേന്ദ്രത്തിന്റെ പണി പൂർത്തിയാക്കിയോ; വിശദീകരിക്കുമോ;

(ബി) പണി പൂർത്തിയായി ടൂറിസ്റ്റുകൾക്ക് ഉപയോഗയോഗ്യമാക്കുന്നതിന് എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഈ സർക്കാർ വന്നശേഷം പണി ആരംഭിച്ച ജലയോരവിശ്രമ കേന്ദ്രങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, ടൂറിസ്റ്റ് ഗസ്റ്റ് ഹൗസുകൾ എന്നിവയുടെ ലിസ്റ്റ് വെളിപ്പെടുത്തുമോ;

(ഡി) ജില്ലാ ടൂറിസം പ്രൊമോഷൻ കായംകുളത്ത് ഒരു ടൂറിസ്റ്റ് കേന്ദ്രം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കായംകുളം ജലയോരവിശ്രമകേന്ദ്രത്തിന്റെ പണി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ നിർമ്മാണം അടുത്തവർഷം ജനുവരിയോടെ പൂർത്തിയാവും എന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം സി.പി.ഡബ്ല്യു.ഡി.യെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പണി പൂർത്തിയാക്കി ടൂറിസ്റ്റുകൾക്ക് ഉപയോഗയോഗ്യമാക്കുന്നതിന് 60 ലക്ഷത്തോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി)

1. ജലയോര വിശ്രമകേന്ദ്രങ്ങൾ :- ആറൻമുള, കായംകുളം, ആലുംകടവ്, പരവൂർ

2 യാത്രിനിവാസുകൾ :- ഗുരുവായൂർ, കോഴിക്കോട്, മലയാറ്റൂർ, ചങ്ങനാശ്ശേരി, പീരുമേട്, നെല്ലിയാംപതി

LIBRARY ARCHIVES Kerala Legislative Assembly

3. വഴിയോര വിശ്രമകേന്ദ്രങ്ങൾ :- അതിരപ്പിള്ളി

4. ഗസ്റ്റ് ഹൗസുകൾ :- പത്തനംതിട്ട, ആലപ്പുഴ എന്നിവിടങ്ങളിൽ ഗസ്റ്റ് ഹൗസുകളുടെ പണി പൂർത്തിയായിവരുന്നു. പാലക്കാട്, എറണാകുളം (അഡീഷണൽ ഗസ്റ്റ്ഹൗസ്) എന്നീ ഗസ്റ്റ്ഹൗസുകളുടെ പണി താമസിയാതെ ആരംഭിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

136 (1496) നാട്ടകം ഗസ്റ്റ് ഹൗസിൽ നടന്ന അനിഷ്ട സംഭവം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടകം ഗസ്റ്റ്ഹൗസിൽ നടന്ന അനിഷ്ട സംഭവങ്ങളിൽ ജീവനക്കാർക്കെതിരെ ആരെങ്കിലും പരാതി തന്നിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് പരാതി നൽകിയതെന്നും എന്താണ് പരാതി എന്നും വ്യക്തമാക്കുമോ;

(സി) ജീവനക്കാരെ ആക്രമിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്ത അക്രമികൾക്കെതിരെ പോലീസ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജീവനക്കാർക്ക് നീതി ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഇതു സംബന്ധിച്ച് ആരെല്ലാം അന്വേഷണം നടത്തി എന്ന് വ്യക്തമാക്കുമോ;

(എഫ്) ആദ്യത്തെ അന്വേഷണത്തിനു പുറമെ വീണ്ടും അന്വേഷണം നടത്തിയോ; എങ്കിൽ അതിന് ഇടയായത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജീവനക്കാർക്കെതിരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരാതി ലഭിച്ചിട്ടുണ്ട്.

(ഡി),(ഇ)&(എഫ്) നാട്ടകം ഗസ്റ്റ് ഹൗസിൽ നടന്ന അനിഷ്ട സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ ഗവൺമെന്റ് ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് ടൂറിസം അഡീഷണൽ ഡയറക്ടർ ഗസ്റ്റ്ഹൗസ് സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. ഡയറക്ടറുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടില്ല.

137 (1497) തെൻമല കേന്ദ്രമാക്കി ഇക്കോ ടൂറിസം പദ്ധതി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly